(എ) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളിലൂടെ എത്ര വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നവയാക്കി മാറ്റാൻ കഴിഞ്ഞു എന്ന് അറിയിക്കുമോ;

(ബി) അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ)&(ബി) 11 സ്ഥാപനങ്ങൾ അവ താഴെപ്പറയുന്നവയാണ്.

1) പെനിൻസുല പോളിമേഴ്സ് ലിമിറ്റഡ്, തിരുവനന്തപുരം.
2) കേരള ഇലക്ട്രിക് ലാമ്പ് വർക്സ്, എറണാകുളം
3) ട്രാവൻകൂർ ഓക്സിജൻ ലിമിറ്റഡ്, ആലപ്പുഴ
4) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്.
5) അഫിലിയേറ്റഡ് മെഡിക്കൽ എക്വിപ്മെന്റ്സ്, എറണാകുളം.
6) സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്
7) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.
8) കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്.
9) ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള
10) കേരള ഓട്ടോമൊബൈൽസ്
11) കെൽട്രോൺ കൗണ്ടേഴ്സ്

ചെറുകിട വ്യവസായത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

241 (1420) ഖാദി ഉല്പന്നങ്ങളുടെ വിപണനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി കേന്ദ്രങ്ങളുണ്ടാകുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ എന്തു സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) നിലവിലുള്ള സംവിധാനം മുഖേന ഖാദി ഉല്പന്നങ്ങളുടെ വിപണനം പ്രതീക്ഷിക്കുന്ന തോതിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഖാദി ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാന ഖാദി മേഖലയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഖാദി കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇപ്പോൾ ഖാദി ബോർഡിന്റെ കീഴിലുള്ള ഖാദിഗ്രാമ സൗഭാഗ്യകൾ വഴിയും ഏജൻസി

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥയിലുള്ള വില്പനശാലകൾ വഴിയും ഖാദി ഉല്പാദന കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള ഗ്രാമശില്പകൾ വഴിയും വിപണനം നടത്തിവരുന്നു.

(ബി) ഖാദി ഉല്പന്നങ്ങളുടെ വിപണനം നിലവിലുള്ള സംവിധാനത്തിൽ നടക്കുന്നുണ്ട്. എന്നിരുന്നാലും മറ്റു ഉല്പന്നങ്ങളെ അപേക്ഷിച്ച് കുറവാണ്.

(സി) സംസ്ഥാനതലത്തിൽ ഖാദിയുടെ വില നിശ്ചയിക്കുന്നത് അഖിലേന്ത്യാതലത്തിൽ അംഗീകരിക്കുന്ന കോസ്റ്റ് ചാർട്ട് പ്രകാരമാണ്. ഖാദിവില്പനയ്ക്ക് സർട്ടിഫിക്കേഷൻ ആവശ്യമാണ്. മറ്റ് ഏജൻസികൾ മുഖേന കുറഞ്ഞ വിലയ്ക്ക് ഖാദി എന്ന പേരിൽ വ്യാജ ഖാദി വിറ്റഴിക്കപ്പെടുന്നതായി അറിയുന്നു.

(ഡി) ഖാദി മേഖലയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

242 (1421) പാക്കിംഗ് കേസ് വ്യവസായം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പരമ്പരാഗത വ്യവസായമായ പാക്കിംഗ് കേസ് വ്യവസായം തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര പാക്കിംഗ് വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും എത്ര തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ടെന്നും കണക്കാക്കിയിട്ടുണ്ടോ;

(സി) തകർച്ച നേരിടുന്ന ഈ പരമ്പരാഗത വ്യവസായത്തിന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഇളവു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വ്യവസായത്തിന് ആവശ്യമായ സോഫ്റ്റ്വുഡ് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഈ വ്യവസായം നേരിടുന്ന പ്രശ്നം പഠിക്കാനും നിർദ്ദേശങ്ങൾ നൽകാനുമായി ഒരു കമ്മിറ്റിയെ നിയമിക്കുമോ;

ഉത്തരം

(എ) ഉണ്ട്. പാക്കിംഗ് കേസ് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിരിക്കുന്നു. റിപ്പോർട്ട് ലഭിച്ചശേഷം അനന്തര നടപടിയെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) ഏകദേശം 500-ഓളം വ്യവസായ സ്ഥാപനങ്ങളുണ്ട്. 5000 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്.

(സി) ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിവെച്ച് സർക്കാരിന് ഇളവുകൾ അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്.

(ഡി) വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട പതിനെട്ട് ഇനം സോഫ്റ്റ് വുഡ് മരങ്ങൾ കേരള വനവില്പന നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ വരുന്നതാകയാൽ സർക്കാർ ആക്ടനുസരിച്ച് നിജപ്പെ